# Sree Sankaracharya University of Sanskrit, Kalady
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
## OFFICE OF THE PUBLIC RELATIONS
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


. **തീയതി: 09.06.2026**

**പ്രസിദ്ധീകരണത്തിന്**

## സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ നാല് വർഷ ബിരുദ പ്രവേശനം; അവസാന തീയതി ജൂൺ 15

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ 2026 – 2027 അദ്ധ്യയന വർഷം ആരംഭിക്കുന്ന വിവിധ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. സംസ്കൃതം – വേദാന്തം, സംസ്കൃതം – സാഹിത്യം, സംസ്കൃതം – ജനറൽ, ഹിന്ദി, ഉർദ്ദു എന്നിവയാണ് നാല് വർഷ ബിരുദ സമ്പ്രദായത്തിൽ നടത്തപ്പെടുന്ന ബിരുദ പ്രോഗ്രാമുകൾ. സംസ്കൃതത്തിൽ ബിരുദ പഠനത്തിന് (മേജർ) പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/– രൂപ വീതം സർവ്വകലാശാല സ്കോളർഷിപ്പ് നൽകുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള ഉയർന്ന പ്രായപരിധി ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് 2026 ജനുവരി ഒന്നിന് 23 വയസും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് 25 വയസുമാണ് .

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവ തത്തുല്യ അംഗീകൃത യോഗ്യതയുളളവർക്ക് ഈ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ലാറ്ററൽ എൻട്രി അനുവദനീയമാണ്. ഒരു വിദ്യാർത്ഥിക്ക് ഒന്നിലധികം ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കുവാൻ കഴിയും. മറ്റൊരു യു ജി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയിട്ടുളളവർക്കും സർവകലാശാല നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് സർവകലാശാലയുടെ അംഗീകാരത്തോടെ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ജനറൽ / എസ് ഇ ബി സി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 60 രൂപയും എസ് സി / എസ് ടി വിദ്യാർത്ഥികൾക്ക് ഓരോ പ്രോഗ്രാമിനും 30 രൂപയുമാണ്. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 15. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.


**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075